LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളുടെ ക്ഷേമം

79 (2712) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ആയി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന 2014-15 -ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ; വിശദമാക്കുമോ ;

(ബി) ഇതിനായി നീക്കിവെച്ച തുക എത്ര ചെലവഴിച്ച തുക എത്ര ; വിശദ മാക്കുമോ ?

ഉത്തരം

(എ) വിദേശത്ത് തൊഴിൽ തേടുന്ന മലയാളികളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ ആന്റ് റീ-ഇന്റഗ്രേഷൻ പ്രോഗ്രാം. ഈ പദ്ധതിയുടെ നടത്തിപ്പിൽ മതിയായ യോഗ്യതയുള്ള തിരികെയെത്തിയ പ്രവാസികളുടെ വിവരം ശേഖരിച്ച് മാസ്റ്റർ ട്രെയിനർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ 2 കോടിരൂപ വകയിരു ത്തിയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 49 സ്ഥാപനങ്ങൾ മുഖേന 1800 പേർക്ക് വിവിധ തരത്തിലുള്ള 86 കോഴ്സുകൾ നടത്തി. കോഴ്സ് ഫീ ഇനത്തിൽ 1,13,00,445 രൂപയും പരസ്യയിനത്തിൽ 6,45,992 രൂപയും ഉൾപ്പെടെ ആകെ 1,19,46,437 രൂപയും ചെലവായിട്ടുണ്ട്.

നോർക്ക മുഖേനയുള്ള ധനസഹായം

80 (2713) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് നോർക്ക എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;